**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5086** **02-11-2021 - ൽ മറുപടിയ്ക്ക്**

**പ്ലാസ്റ്റിക് ഗ്രോബാഗുകൾക്ക് ബദൽ മാർഗ്ഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | **Shri. P. Prasad**<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | പ്ലാസ്റ്റിക് ഗ്രോബാഗ് ഉപയോഗിച്ചുള്ള പച്ചക്കറി കൃഷി പ്രോത്സാഹനം ഒഴിവാക്കുന്നതിന് എന്തെങ്കിലും തരത്തിലുള്ള ആലോചനകൾ നടക്കുന്നുണ്ടോ; എങ്കിൽ പ്ലാസ്റ്റിക് ഗ്രോബാഗ് പരിസ്ഥിതിക്ക് ദോഷകരമാണെന്ന തരത്തിലുള്ള ഏതെങ്കിലും റിപ്പോർട്ടുകൾ നിലവിലുണ്ടോ; വ്യക്തമാക്കുമോ; | (എ) | പ്ലാസ്റ്റിക് ഗ്രോബാഗ് ഉപയോഗിച്ചുള്ള പച്ചക്കറി കൃഷി പ്രോത്സാഹനം ഒഴിവാക്കുന്നതിന് പ്രാഥമിക ചർച്ചകൾ നടന്നു വരുന്നു. പ്ലാസ്റ്റിക് ഗ്രോബാഗുകൾക്ക് ബദലായി മൺചട്ടി, സിമന്റ് ചട്ടി, കയർ പിത്ത് ഉപയോഗിച്ചിട്ടുള്ള കൂട്, പുനർ ചംക്രമണം ചെയ്ത് ഉപയോഗിക്കാൻ കഴിയുന്ന പ്ലാസ്റ്റിക്ക് ചട്ടി എന്നിവ ഉപയോഗിക്കുന്നത് നന്നായിരിക്കും എന്ന അനുമാനത്തിലുള്ള ചർച്ചകളാണ് നടന്നു വരുന്നത്. ഗ്രോബാഗ് കൃഷിയ്ക്ക് ഉപയോഗിക്കുന്ന പ്ലാസ്റ്റിക് കൂടിനേക്കാളും ഇവയുടെ ചിലവ് അധികരിക്കുമെങ്കിലും പരിസ്ഥിതി സൗഹാർദ്ദവും ഗ്രോബാഗിനെ അപേക്ഷിച്ച് കൂടുതൽ കാലത്തേയ്ക്ക് അവ ഉപയോഗിക്കുവാൻ കഴിയുന്നതുമാണ്. |
| (ബി) | പ്ലാസ്റ്റിക് ഗ്രോബാഗുകൾക്ക് ബദലായി ഉപയോഗിക്കുന്നതിന് തീരുമാനിച്ചിട്ടുള്ള ഉല്പന്നം ഏതാണ്; ചെലവുകുറഞ്ഞ രീതിയിൽ കർഷകർക്ക് ഇത് നൽകാൻ കഴിയുമെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ? | (ബി) | പ്ലാസ്റ്റിക് ഗ്രോബാഗ് ഉപയോഗിച്ചുള്ള പച്ചക്കറി കൃഷി പ്രോത്സാഹനം ഒഴിവാക്കുന്നതിന് പ്രാഥമിക ചർച്ചകൾ നടന്നു വരുന്നു. പ്ലാസ്റ്റിക് ഗ്രോബാഗുകൾക്ക് ബദലായി മൺചട്ടി, സിമന്റ് ചട്ടി, കയർ പിത്ത് ഉപയോഗിച്ചിട്ടുള്ള കൂട്, പുനർ ചംക്രമണം ചെയ്ത് ഉപയോഗിക്കാൻ കഴിയുന്ന പ്ലാസ്റ്റിക്ക് ചട്ടി എന്നിവ ഉപയോഗിക്കുന്നത് നന്നായിരിക്കും എന്ന അനുമാനത്തിലുള്ള ചർച്ചകളാണ് നടന്നു വരുന്നത്. ഗ്രോബാഗ് കൃഷിയ്ക്ക് ഉപയോഗിക്കുന്ന പ്ലാസ്റ്റിക് കൂടിനേക്കാളും ഇവയുടെ ചിലവ് അധികരിക്കുമെങ്കിലും പരിസ്ഥിതി സൗഹാർദ്ദവും ഗ്രോബാഗിനെ അപേക്ഷിച്ച് കൂടുതൽ കാലത്തേയ്ക്ക് അവ ഉപയോഗിക്കുവാൻ കഴിയുന്നതുമാണ്. |

സെക്ഷൻ ഓഫീസർ